ദേവികുളം ബ്ലോക്ക് പഞ്ചായത്ത്

ബഡ്ജറ്റ് 2023-24

ബഹുമാനപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ, ഗ്രാമപഞ്ചായത്തു പ്രസിഡന്റുമാർ, ബ്ലോക്കു പഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾ, ബ്ലോക്ക് നിർവ്വഹണ ഉദ്യോഗസ്ഥർ, ജീവനക്കാർ, സഹോദരീ സഹോദരൻമാരെ,

2020 ഡിസംബർ മാസം അധികാരത്തിൽ വന്ന ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ മൂന്നാമത് ബജറ്റാണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്.

കാര്യക്ഷമതയോടെയും, അച്ചടക്കത്തോടെയും, ദീർഘ വീക്ഷണത്തോടെയുമുള്ള ധനവിനിയോഗമാണ് സമൂഹത്തെയും രാജ്യത്തെയും പുരോഗതിയിലേയ്ക്ക് നയിക്കുന്നത്. സമസ്ത ജനവിഭാഗത്തിനും സന്തുലിതമായ വികസനം പ്രാപ്യമാക്കുക എന്നതായിരിക്കണം ഏതൊരു ഭരണ സമിതിയുടേയും വികസന കാഴ്ചപ്പാട്. താൽക്കാലിക ലാഭങ്ങൾക്കും, സങ്കുചിത വീക്ഷണങ്ങൾക്കുമപ്പുറം ദീർഘകാലത്തേയ്ക്ക് നിലനിൽക്കുകയും സമസ്ത ജന വിഭാഗത്തിനും ഗുണപ്രദമാവുകയും ചെയ്യുന്ന പദ്ധതികൾ ലഭ്യമായ വിഭവങ്ങളുടെ അടിസ്ഥാനത്തിൽ സമയബന്ധിതമായി നടപ്പിലാക്കുക എന്നതാണ് ഭരണ സമിതിയുടെ പ്രഖ്യാപിത ലക്ഷ്യം. എല്ലാത്തരം വിഭാഗീയതകൾക്കുമപ്പുറം പരിസ്ഥിതി സൗഹൃദ സാമൂഹ്യനീതിയിലധിഷ്ഠിതമായ സാമ്പത്തിക വളർച്ചയുടെ ഉയർന്ന തലം സൃഷ്ടിക്കലാണ് വികസനം.

പതിനാലാം പഞ്ചവത്സര പദ്ധതിക്കാലത്തെ രണ്ടാമത്തെ ബഡ്ജറ്റാണ് അവതരിപ്പിക്കുന്നത്. ജനകീയാസൂത്രണ പദ്ധതിയുടെ 25 വർഷക്കാലത്തെ നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തി അടുത്ത അഞ്ചു വർഷക്കാലത്തേയ്ക്ക് ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കുന്ന വികസന ലക്ഷ്യങ്ങൾ കൂടി നയസമീപനത്തിന്റെ ഭാഗമാക്കിയിട്ടുണ്ട്.

കേരളത്തിലെ മലയോര ജില്ലകളിൽ ഒന്നായ ഇടുക്കി ജില്ലയിലെ ഏറ്റവും പിന്നാക്കം നിൽക്കുന്ന ആളുകൾ താമസിക്കുന്ന ദേവികുളം ബ്ലോക്ക് പഞ്ചായത്തിന്റെ സമ്പൂർണ്ണ വികസനം ലക്ഷ്യം വെച്ചുകൊണ്ടാണ് ഞാൻ 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി മുൻപാകെ അവതരിപ്പിക്കുന്നത്.

ദേവികുളം ബ്ലോക്ക് പഞ്ചായത്തിന്റെ ഈ ഭരണസമിതിയുടെ രണ്ടാമത്തെ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ 66,81,93,123/- രൂപ വരവും 65,56,52,308 /-രൂപ ചിലവും 1,25,40,815/- രൂപ മിച്ചവും പ്രതീക്ഷിക്കുന്ന ബഡ്ജറ്റാണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. ഈ ഭരണ സമിതി നിലവിൽ വന്ന ശേഷം സമൂഹത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്ക് ഭവനനിർമ്മാണം, വിദ്യാഭ്യാസം, ആരോഗ്യ സുരക്ഷാ പദ്ധതികൾ, ശുചിത്വം, അടിസ്ഥാന സൗകര്യ വികസനം എന്നീ മേഖലകൾക്ക് മുൻതൂക്കം നൽകിയിട്ടുള്ള വികസന പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. ഈ ഭരണ സമിതിയുടെ വരും നാളുകളിൽ വർഷങ്ങളായി തോട്ടം മേഖല ഉൾപ്പെടെയുള്ള ബ്ലോക്ക് പരിധിയിലെ തൊഴിലാളികളുടെ ക്ഷേമവും അവരുടെ സാമ്പത്തിക ഉന്നമനത്തിനും, ഉയർന്ന ജീവിത നിലവാരത്തിലെത്തിക്കുന്നതിനും ശ്രദ്ധാ പൂർവ്വമായ പദ്ധതികൾക്ക് മുൻഗണന നൽകി പ്രാവർത്തികമാക്കുന്നതാണ്. മുൻകാലങ്ങളിലെ പദ്ധതി ബഡ്ജറ്റിനെ അപേക്ഷിച്ച് വികസനത്തിന്റെ വിശാലമായ കാഴ്ചപ്പാടോടുകൂടിയാണ് ഞാൻ ഈ ബഡ്ജറ്റ് ഭരണസമിതി സമക്ഷം സമർപ്പിക്കുന്നത്.

വിനോദ സഞ്ചാര വികസനം, ആദിവാസികുടികളിലെ സ്മാർട്ട് അംഗൻവാടി നിർമ്മാണം, ഹൈബ്രിഡ് ഹൈമാസ്റ്റ് ലൈറ്റ്, പകൽ വീട്, വനിത വിപണന കേന്ദ്രം, വൃദ്ധർക്ക് ആരോഗ്യ ഉപകരണങ്ങൾ നൽകൽ, ഗ്ലൂക്കോമീറ്റർ നൽകൽ, Take a Break, ഡയാലിസിസ് യൂണിറ്റ് നിർമ്മാണ പൂർത്തീകരണം, കുടിവെള്ള പദ്ധതികൾ, ഡ്രെയിനേജുകളുടേയും ചെക്ക് ഡാമുകളുടേയും നിർമ്മാണം, അടിസ്ഥാനപശ്ചാത്തല വികസനം തുടങ്ങിയവ 2022-23 വർഷത്തിൽ ദേവികുളം ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ള ശ്രദ്ധേയമായ വികസന പദ്ധതികളാണ്.

കാർഷിക മേഖലയുടെ വികസനം മുന്നിൽകണ്ട് വിവിധങ്ങളായ പദ്ധതികൾ നാം നടപ്പിലാക്കി വരുന്നു.കറവപ്പശുക്കൾക്ക് കാലിത്തീറ്റവിതരണത്തിനായി 33,48,485/- രൂപയും കാർഷിക മേഖലയുടെ സമഗ്ര വികസനത്തിനായി 10,00,000/- രൂപയും നാലുവർഷം ചിലവഴിച്ചിട്ടുണ്ട്. പട്ടികജാതി വിദ്യാർത്ഥികളുടെ പഠന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി നീക്കിവെച്ചിട്ടുള്ള 30,00,000/- രൂപയുടെ പദ്ധതിയും പട്ടികവർഗ്ഗത്തിന്റെ 12,00,000/- രൂപയുടെ പദ്ധതികളും നിർവ്വഹണ പുരോഗതിയിലാണ്.

പാർപ്പിടം

പി.എം.എ. വൈ (ഗ്രാമീൺ) പദ്ധതി പ്രകാരം നടപ്പുവർഷം 220 വീടുകൾ വിവിധ ഘട്ടങ്ങളിലായി നിർമ്മാണ പുരോഗതിയിലാണ്. ഇതിൽ 70 എണ്ണം വീടുകൾ ഇതിനോടകം പൂർത്തീകരിക്കാനും കഴിഞ്ഞിട്ടുണ്ട്. ഇതിനായി കേന്ദ്ര വിഹിതം മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ വിഹിതങ്ങൾക്ക് പുറമേ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി എസ്.സി. വിഭാഗം – 71,80,000/- , ടി.എസ്.പി.– 76,00,000/-, ജനറൽ- 1,03,84,000/- രൂപയും ആയി ആകെ 2,51,64,000/- രൂപ ഇതിനോടകം നമുക്ക് ചിലവാക്കാനായിട്ടുണ്ട്. 2023-24 വർഷം പാർപ്പിട മേഖലയ്ക്കായി 2,43,97,000/- രൂപ വകയിരുത്തിയിട്ടുണ്ട്.

ആരോഗ്യരംഗത്ത് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന മറയൂർ, ദേവികുളം സി.എച്ച്.സികളുടെ പ്രവർത്തനങ്ങളിലൂടെ നിർദ്ധനരായ ജനങ്ങളുടെ ആരോഗ്യ സുരക്ഷ ഉറപ്പു വരുത്താനാകുന്നു. പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി 2,48,000/- രൂപയും ഗ്ലൂക്കോമീറ്റർ നൽകുന്നതിനായി 8,25,000/-രൂപയും ജീവിതശൈലീ രോഗമുള്ള വയോജനങ്ങൾക്ക് ഉപകരണം നൽകുന്നതിനായി 7,25,000/- രൂപയുടേയും പദ്ധതികൾ 2022-23 വർഷത്തെ പദ്ധതികളായി നടപ്പിലാക്കിയിട്ടുള്ളതാണ്.

(എ) **<u>പശ്ചാത്തല വികസനം.</u>**

മലയോര മേഖലയായതുകൊണ്ട് പ്രകൃതി ദുരന്തങ്ങളും വന്യജീവി ശല്യവും പലപ്പോഴും നമ്മുടെ ജനവാസമേഖലയ്ക്ക് ഭീക്ഷണി സൃഷ്ടിക്കാറുണ്ട്. സമീപ കാലത്തുണ്ടായ പ്രകൃതി ദുരന്തങ്ങളും, മഹാമാരിയും, വന്യമൃഗങ്ങളുടെ ശല്യവും മൂലം സമാനതകളില്ലാത്ത ദുരിതങ്ങൾക്കാണ് നമ്മുടെ ബ്ലോക്ക് പഞ്ചായത്ത് സാക്ഷ്യം വഹിച്ചത്. പെട്ടിമുടിയിലുണ്ടായ ദുരന്തത്തിൽ ഒട്ടേറെ പേർക്ക് ജീവഹാനി സംഭവിക്കുകയും , ഒട്ടേറെ കുടുംബങ്ങൾ ഭവനരഹിതരും ആസ്തി രഹിതരും ആവുകയും ചെയ്തിട്ടുള്ളതാണ്. ഇത്തരം നാശനഷ്ടങ്ങളുടെ പുനരുദ്ധാരണത്തിനായുള്ള പ്രവർത്തികൾ നമ്മുടെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് നടപ്പിലാക്കിയതിൽ 2022-23 വർഷം 3,16,86,000/- രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു വരുന്നു. 2023-2024 സാമ്പത്തിക വർഷം 3,20,99,000/- കോടി രൂപയാണ് പശ്ചാത്തല മേഖലയിൽ വകയിരുത്തിയിരിക്കുന്നത്. പാർപ്പിട മേഖലയ്ക്ക് 2,43,97,000/- രൂപ വികസന ഫണ്ടിൽ നിന്നും, 1,23,36,000 /- രൂപ കേന്ദ്ര സംസ്ഥാന വിഹിതമായും 2,98,90,000/-രൂപ ഗ്രാമ/ജില്ലാ വിഹിതമായും വകയിരുത്തിയിട്ടുണ്ട്.

(ബി) **<u>പട്ടികജാതി പട്ടികവർഗ്ഗ മേഖല</u>**

രാജ്യത്തെ ഏക പട്ടികവർഗ്ഗ പഞ്ചായത്ത് ആയ ഇടമലക്കുടി ഉൾപ്പെടുന്ന പ്രദേശം ഈ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലാണ്. 2022-23 വർഷം 2,13,91,800/- രൂപ ടി മേഖലയിൽ വകയിരുത്തിയിട്ടുള്ളതും വിവിധ പദ്ധതി പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. വിവിധ ഗോത്രവർഗ്ഗ വിഭാഗങ്ങളും, ദളിത് വിഭാഗങ്ങളും ബ്ലോക്ക് പരിധിയിൽ ജീവിച്ചു വരുന്നു. അവരിൽ ഭൂരിപക്ഷം ജനങ്ങളും ഭാഷാ ന്യൂനപക്ഷമായാണ് കണക്കാക്കിയിരിക്കുന്നത്. അടിസ്ഥാന ജീവിത സൗകര്യം പ്രാപ്യമാകാത്ത ധാരാളം തോട്ടം തൊഴിലാളികളും ഇവിടെ ജീവിച്ചു വരുന്നു.

മേൽപ്പറഞ്ഞ ജനവിഭാഗത്തിന്റെ ജീവിത നിലവാരം ഉയർത്തുന്നതിന് നാം പ്രതിബന്ധരാണ്. 2023-24 വർഷത്തിൽ, പട്ടികജാതി ഉപപദ്ധതി (Special Compont Plan) പശ്ചാത്തലം , 1,71,04,200/- രൂപ ഉൾപ്പെടെ 5,70,14,000/- രൂപയും , പട്ടികവർഗ്ഗ ഉപപദ്ധതി (Tribal Sub- Plan) പ്രകാരം 1,42,92,000/- രൂപയും വകയിരുത്തിയിരിക്കുന്നു

(സി) **വനിതാ ഘടക പദ്ധതി ഉൾപ്പെടെ വികസന പരിപാടി**

2022-23 വർഷം വനിതാ ഘടക പദ്ധതിയ്ക്ക് 1,11,84,920/- രൂപയും, ഭിന്നശേഷിക്കാർ, കുട്ടികൾ എന്നീ മേഖലയ്ക്ക് 55,92,460/- രൂപയും വൃദ്ധർക്കായി 55,92,460/- രൂപയും വകയിരുത്തി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. .തനതു വർഷവും വനിതാ ഘടകപദ്ധതിയ്ക്കും, ഭിന്നശേഷി കുട്ടികൾ, വൃദ്ധർ എന്നിവർക്ക് നിയമാനുസൃതമായ വിഹിതം വകയിരുത്തിയിട്ടുണ്ട്.

(ഡി) **പൊതുജനാരോഗ്യം**

മറയൂരും, ദേവികുളത്തും പ്രവർത്തിക്കുന്ന രണ്ട് സി.എച്ച്.സികളാണ് ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ പ്രവർത്തിക്കുന്നത്. 2022-23 വർഷത്തിൽ മരുന്ന് വാങ്ങുന്നതിനും പശ്ചാത്തല സൗകര്യ വികസനത്തിനുമായി മറയൂർ സി.എച്ച്.സിയ്ക്ക് 48,49,500/- രൂപയും ദേവികുളം സി.എച്ച്.സി.യ്ക്ക് 25,60,614/- രൂപയും വകയിരുത്തി പ്രവൃത്തി പുരോഗമിച്ചു വരുന്നു. തനത് വർഷവും രണ്ട് ആശുപത്രികളുടെയും വികസന പ്രവർത്തനത്തിന് ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2023-24 വർഷത്തിലും സി.എച്ച്.സി.കളുടെ ആധുനികവത്ക്കരണനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ഇ) **കാർഷിക മേഖല**

ദേവികുളം ബ്ലോക്ക് പഞ്ചായത്ത് കാർഷിക മേഖലയ്ക്ക് പ്രഥമ പരിഗണന നൽകിയിട്ടുണ്ട്. ക്ഷീരകർഷകർക്ക് കാലിത്തീറ്റ വാങ്ങുന്നതിന് സബ്സിഡി, ജലസേചനം, ചെക്ക്ഡാം നിർമ്മാണം, സംരക്ഷണഭിത്തി നിർമ്മാണം, ജോലയ്ക്ക് കൂലി പദ്ധതി എന്നിവ ഉൾപ്പെടെ കാർഷിക മേഖലയ്ക്ക് 1,23,53,040/- രൂപ 2022-23 വർഷം വകയിരുത്തി പ്രവൃത്തി പുരോഗമിച്ചു വരുന്നു. തനതു വർഷം പ്രസ്തുത മേഖലയ്ക്ക് 1,21,62,960/- രൂപ വകയിരുത്തിയിട്ടുണ്ട്.

(എഫ്) **യുവജന ക്ഷേമം**

2022-23 വർഷത്തിൽ യുവജനങ്ങൾക്ക് വേണ്ടി നവംബർ മാസത്തിൽ മൂന്നാറിൽ വെച്ച് വിവിധ കലാകായിക മത്സരങ്ങളോടുകൂടി കേരളോത്സവം നടത്തുകയുണ്ടായി. തനത് വർഷം രജിസ്റ്റർ ചെയ്ത ക്ലബുകൾക്ക് സ്പോർട്സ് ഉപകരണങ്ങളും, വായനശാലകൾക്ക് ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നാം ലക്ഷ്യമിടുന്നു.

(ജി) **<u>സാമൂഹ്യക്ഷേമം</u>**

സാമൂഹ്യ സുരക്ഷാ പ്രവർത്തനങ്ങൾക്ക് മുന്തിയ പരിഗണന ബ്ലോക്ക് നൽകുന്നതിന്റെ ഭാഗമായി സാമൂഹ്യ സുരക്ഷാ പ്രവർത്തന ഫണ്ട്, പാലിയേറ്റീവ് കെയർ, ശാരീരിക –മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി പ്രത്യേക പദ്ധതി, പട്ടികജാതി വിദ്യാർത്ഥികൾക്ക് (എസ്.സി.പി) സ്കോളർഷിപ്പ്, വൃദ്ധർക്ക് അടിസ്ഥാന സൗകര്യ വികസനം എന്നീ മേഖലയ്ക്കായി 2022-2023 വർഷം ആകെ 1,12,48,280/- രൂപ വകയിരുത്തി തുക ചെലവഴിച്ചിട്ടുണ്ട്. നമ്മുടെ സമൂഹത്തിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന അടിസ്ഥാന വർഗ്ഗ സമൂഹത്തിന്റെ വികസനത്തിനായി 2023-24 വർഷവും 1,11,84,920/- രൂപ ലഭ്യതക്കനുസരിച്ച് വകയിരുത്തിയിട്ടുണ്ട്.

(എച്ച്) **<u>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>**

ദേവികുളം ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതി നിർവ്വഹണത്തിലും ജനങ്ങൾക്ക് ഉപജീവനമാർഗ്ഗം നൽകി സാമ്പത്തിക-ജീവിത നിലവാരം ഉയർത്തുന്നതിനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സംഭാവനകൾ എടുത്തു പറയത്തക്കതാണ്. 2021-22 സാമ്പത്തിക വർഷത്തിൽ 12,00,085 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചതിലൂടെ 40 കോടി 97 ലക്ഷത്തി 41,000 രൂപ ചെലവഴിക്കുവാൻ സാധിച്ചു. 45 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ട്രൈബൽ പ്ലസ് പദ്ധതിയിലൂടെ 200 ദിവസം തൊഴിൽ നൽകുവാനും 3,079 കുടുംബങ്ങൾക്ക് 100 ദിവസം തൊഴിൽ നൽകുവാനും കഴിഞ്ഞു എന്നുള്ളത് ദേവികുളം ബ്ലോക്ക് പഞ്ചായത്തിന് അഭിമാനാർഹമായ നേട്ടമാണ്. ചെറുകിട , നാമമാത്ര കർഷകരുടേയും മറ്റ് പിന്നോക്കവിഭാത്തിൽപ്പെട്ട കുടുംബങ്ങളുടെയും തരിശു ഭൂമികൾ കൃഷിയോഗ്യമാക്കുന്ന പ്രവൃത്തികൾ ഏറ്റെടുത്തതിലൂടെ ഉൽപ്പാദനവർദ്ധനവ് കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പാമ്പാർ പ്രോജക്ടിന്റെ ഭാഗമായി ഇടുക്കി ജില്ലയുടെ " Operation Smooth Flow " നടപ്പാക്കിയതിന്റെ ഭാഗമായി ദേവികുളം ബ്ലോക്ക് പഞ്ചായത്തിലെ വിവിധ നദികളിലെ ചെളിയും, എക്കലും നീക്കം ചെയ്തതതിലൂടെ നീരൊഴുക്ക് ശക്തിപ്പെടുത്തുവാനും മാലിന്യ മുക്തമാക്കുവാനും സാധിച്ചു എന്നുള്ളത് 2021-2022 വർഷത്തിലെ പ്രവൃത്തികളിൽ മാതൃകാപരമാണ്.

2022-2023 സാമ്പത്തിക വർഷത്തിൽ 10 ലക്ഷത്തി മുപ്പത്തിയൊൻപതിനായിരം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാൻ കഴിയും. ആയതുവഴി 40 കോടിയോളം രൂപ ചെലവഴിക്കുവാൻ സാധിക്കുമെന്നാണ് കരുതുന്നത്. അമൃത സരോവർ പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്നാർ പഞ്ചായത്തിലെ ഇക്കാ നഗറിലും, വട്ടവട പഞ്ചായത്തിലെ പഴത്തോട്ടത്തും 25 സെന്റ് വിസ്തൃതിയിൽ ജലസംരക്ഷണത്തിന്റെ ഭാഗമായി തടാകങ്ങൾ നിർമ്മിച്ചിട്ടുണ്ട്. സ്വയം സഹായ സംഘങ്ങൾക്ക്

മൈക്രോ സംരംഭങ്ങൾ തുടങ്ങുന്നതിനും ഉത്പന്നങ്ങൾ സൂക്ഷിക്കുന്നതിനും 2 വർക്ക് ഷെഡുകൾ കാന്തല്ലൂർ ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ജലസംരക്ഷണത്തിന്റെ ഭാഗമായി ലോക ജലദിനമായ മാർച്ച് 22-ന് 9 പൊതു കുളങ്ങളുടെ ഉത്ഘാടനം നടത്തപ്പെടുകയാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ദിനമായ ഫെബ്രുവരി 2-ന് ദേവികുളം ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ വിപുലമായ ആഘോഷ പരിപാടികൾ സംഘടിപ്പിക്കുകയും 100 ദിവസം പൂർത്തീകരിച്ച തൊഴിലാളികളെ ആദരിക്കുകയും ചെയ്തു.

അടുത്ത സാമ്പത്തിക വർഷത്തിൽ 10,39,000 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാനും ലക്ഷ്യമിടുന്നു. ആയതിലൂടെ നിർമ്മാണ പ്രവൃത്തികൾ അടക്കം 44 കോടി രൂപയോളം ചെലവഴിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേരളസർക്കാറിന്റെ "വലിച്ചെറിയൽ മുക്തകേരളം " പദ്ധതിയുടെ ഭാഗമായി ഓരോ വാർഡുകളിലും 100 വീതം സോക്ക്പിറ്റ്, കമ്പോസ്റ്റ് പിറ്റ് നിർമ്മിക്കുവാനാണ് 2022-23 വർഷത്തിൽ ഊന്നൽ നൽകി ഏറ്റെടുക്കുന്നത്. കൂടാതെ, അംഗൻവാടികളുടെ നിർമ്മാണം , ഓരോ പഞ്ചായത്തിലും കളിസ്ഥലം, ഗ്രാമീണ മാർക്കറ്റുകൾ, ഔഷധ സസ്യത്തോട്ടങ്ങൾ എന്നിവയുടെ നിർമ്മാണവും 2022-23 വർഷത്തെ ആക്ഷൻ പ്ലാൻ വിഭാവനം ചെയ്യുന്നു.

ദേവികുളം ബ്ലോക്ക് പഞ്ചായത്തിന്റെ വികസനത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനങ്ങൾ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട് എന്നത് നിസ്സംശയം എടുത്തു പറയാവുന്നതാണ്.

ദേവികുളം ബ്ലോക്ക് പ്രദേശത്തെ ദരിദ്രജനവിഭാഗത്തിന്റെ ഉന്നമനത്തിനായും ബ്ലോക്ക് പ്രദേശത്തെ അവികസിത മേഖലയുടെ പശ്ചാത്തല വികസനത്തിനായും ലഭ്യമായ പദ്ധതി വിഹിതത്തിനുളളിൽ നിന്നു കൊണ്ട് ഏറ്റവും കാര്യക്ഷമമായി വിനിയോഗിക്കുന്നതിന് ഈ ബഡ്ജറ്റ് ലക്ഷ്യമിടുന്നു. പ്രസ്തുത ബഡ്ജറ്റ് ഭരണ സമിതി സമക്ഷം ചർച്ചയ്ക്കും, നിർദ്ദേശങ്ങൾക്കും, അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

(ഒപ്പ്)
എൻ.ആർ.ജയൻ
വൈസ് പ്രസിഡന്റ് &
ചെയർമാൻ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി
ദേവികുളം ബ്ലോക്ക് പഞ്ചായത്ത്.
ദേവികുളം.

ദേവികുളം
21/03/2023

ബജറ്റ് - 2023-24

വരവുകൾ

വരവിനം	2021-22വർഷത്തെ യഥാർത്ഥ വരവുകള്	നടപ്പ് വർഷത്തെ പുതുക്കിയ ബജറ്റ് (2022-23	2023-24 വർഷത്തെ ബജറ്റ്
തനത് റവന്യു			
റവന്യു നികുതികൾ	ഇല്ല	ഇല്ല	ഇല്ല
ആകെ റവന്യു നികുതികൾ		ഇല്ല	ഇല്ല
നികുതിയിതര റവന്യു			
ജനറൽ പർപ്പസ് ഫണ്ട് (തൻവർഷം ലഭിച്ചത്)	5972400	6312000	7069000
ജനറൽ പർപ്പസ് ഫണ്ട് (മുൻ ബാക്കി)	11328592	13224734	12446276
ജനറൽ പർപ്പസ് ഫണ്ട്	17300992	19536734	19515276
കെട്ടിടങ്ങളിൽ നിന്നുള്ള വാടക/സെക്യൂരിറ്റി	1012342	991113	1090113
ടെണ്ടർ ഫാറങ്ങൾ വിൽപ്പന	5148	3540	3894
മറ്റ് ലേല/വിറ്റ് വരവുകൾ/അഡ്വാൻസ് തിരികെ(MGNREGA)/മറ്റു വരവുകൾ	2227369	661554	600000
സെക്യൂരിറ്റി -ഇ. എം. ഡി			10000
ഗുണഭോക്തൃ വിഹിതം			
ബാങ്ക് അക്കൌണ്ടുകളിൽ നിന്നുള്ള പലിശ വരവ്	195127	479783	500000
കോൺക്രീറ്റ് ക്യൂബ് ടെസ്റ്റ് ഫീ			
ആകെ നികുതിയിതര റവന്യു	3439986	2135990	2204007
ആകെ	20740978	21672724	21719283
വികസന ഫണ്ട്			
ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied)	21713813	20525144	12588000
ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied)	14244426	10647027	8392000
ഡവലപ്മെന്റ് ഫണ്ട് ജനറൽ	43029000	51471000	50679000
ഡവലപ്മെന്റ് ഫണ്ട് എസ്.സി.പി	51835000	57014000	57014000
ഡവലപ്മെന്റ് ഫണ്ട് റ്റി.എസ്.പി	12989000	14292000	14292000
ആകെ	143811239	153949171	142965000
സംസ്ഥാനാവിഷ്കൃത പദ്ധതി ഫണ്ടുകൾ			
മെയിന്റനൻസ് ഗ്രാൻ (റോഡിതരം)	13287694	12513000	8339000
ശുചിത്വമിഷൻ			
കേന്ദ്ര - സംസ്ഥാന പരിശീലന പരിപാടികൾ			
കേരളോത്സവം (യുവജന ക്ഷേമ ബോർഡിൽനിന്നുള്ള വരവ്)		100000	100000
സാക്ഷരതമിഷൻ			
ഹോർട്ടികൾച്ചർ മിഷൻ			
ആകെ	13287694	12613000	8439000
കേന്ദ്രാവിഷ്കൃത പദ്ധതി ഫണ്ടുകൾ			
മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി	422688000	349664000	448870840
പി.എം.എ.വൈ (കേന്ദ്രവിഹിതം)	3504000	10560000	12336000
രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി			
പി. എം. കെ. എസ് വൈ			
നബാർഡ് - ആർ. ഐ. ഡി. എഫ്			
ഹെൽത്ത് ഗ്രാന്റ്			3973000
ആകെ	426192000	360224000	465179840
മറ്റ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടുകൾ			
പി.എം.എ.വൈ ജില്ലാ പഞ്ചായത്ത് വിഹിതം	0	5642000	18270000
പി.എം.എ.വൈ ഗ്രാമ പഞ്ചായത്ത് വിഹിതം	0	4270000	11620000
ആകെ (മറ്റ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടുകൾ)	0	9912000	29890000
ആകെ വരവുകൾ	604031911	558370895	668193123

ചെലവിനം	2021-22 വർഷത്തെ യഥാർത്ഥ ചെലവുകള്	നടപ്പ് വർഷത്തെ പുതുക്കിയ ബജറ്റ് (2022-23)	2022-23 വർഷത്തെ ബജറ്റ്
തനത് റവന്യൂവിൽ നിന്നുള്ള നിർബ്ബന്ധിത ചെലവുകൾ			
എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ			
ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളം	535078	737560	740000
സ്ഥിരം ജീവനക്കാരുടെ യാത്രാപ്പടി	13965	19905	20,000
ദിവസ വേതനക്കാർക്കുള്ള യാത്രാപടി	15170	38296	39,000
ദിവസ വേതനക്കാർക്കുള്ള ഉത്സവ ബത്ത	2000	2,000	4,500
സ്ഥിരം / താത്കാലിക ജീവനക്കാരുടെ ഹോണറെറിയം	48000	16,100	16,100
സെക്രട്ടറിയുടെ ടെലിഫോൺ അലവൻസ്	2856	2,856	2,856
പ്രസിഡന്റിന്റെ ഹോണറെറിയം	185200	187200	187200
പ്രസിഡന്റിന്റെ ടെലിഫോൺ അലവൻസ്	2856	2,856	2,856
വൈസ് പ്രസിഡന്റിന്റെഹോണറെറിയം	154000	156000	156000
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെ ഹോണറെറിയം	346800	352800	352800
മെമ്പർമാരുടെ ഹോണറെറിയം	761600	825600	825600
വൈസ് പ്രസിഡന്റിന്റെ ടെലിഫോൺ അലവൻസ്	2856	2856	2856
പ്രസിഡന്റിന്റെ സിറ്റിംഗ് അലവൻസ്	10250	14500	16500
വൈസ് പ്രസിഡന്റിന്റെ സിറ്റിംഗ് അലവൻസ്	[illegible]	13500	18000
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെ സിറ്റിംഗ് അലവൻസ്	25500	31500	40000
മെമ്പർമാരുടെ സിറ്റിംഗ് അലവൻസ്	52000	65200	75000
പ്രസിഡന്റിന്റെ യാത്രപ്പടി	0	24000	26400
വൈസ് പ്രസിഡന്റിന്റെ യാത്രപ്പടി	4800	7000	9000
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെ യാത്രപ്പടി	15200	20000	26000
മെമ്പർമാരുടെ യാത്രപ്പടി	24000	30000	40000
ആകെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ	2210631	2549729	2600668
ഭരണപരമായ ചെലവുകൾ			
കെട്ടിടനികുതി (other Taxes)	9056	199237	200000
ഓഫീസിന്റെ വൈദ്യുതി ചാർജ്ജ്	140033	179,547	200,000
ഘടക സ്ഥാപനങ്ങളുടെ വൈദ്യുതി ചിലവുകൾ	12000	21422	27000
contributions from own fund	0	105000	125000
ഓഫീസിന്റെ ടെലിഫോൺ ചാർജ്ജ്	24000	35000	40000

കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ ടെലിഫോൺ ചാർജ്ജ്	170		5000
പ്രസിദ്ധീകരണങ്ങൾ , ദിനപത്രങ്ങൾ , പുസ്തകങ്ങൾ	8500	25000	30000
പ്രിന്റീങ് ചിലവുകൾ	15000	20000	30000
സ്റ്റേഷനറി ചിലവുകൾ	25000	23000	30000
കേരളോത്സവം	0	111302	120000
ഓഫീസ് വാഹനങ്ങളുടെ ഇൻഷുറൻസ് തുക	17290	36385	39000
ഓഡിറ്റ് ഫീസ്	15000		
മറ്റ് വകകൾ	261338	285520	320000
മറ്റ് ഓഫീസ് മെയിൻറനൻസ് ചെലവുകൾ	1332386	200000	275000
മറ്റ് ഭരണപരമായ ചെലവുകൾ	356082	419037	480000
പാനാഡെമിക്/എപ്പിഡെമിക് കണ് ട്രോൾ ചിലവ്	267000	15000	20000
ഐ.എസ്.ഓ സർട്ടിഫിക്കേഷൻ /സ്ഥാപനങ്ങൾക്ക് നൂതന സംവിധാനങ്ങളുർ ഏർർപ്പെടുത്തൽ	15000	15000	15000
പ്രസിഡൻടിന്റെ ഔദ്യോഗിക വാഹനത്തിന്റെ ഇന്ധന ചെലവ്	180647	215000	250000
ഓഫീസ് വാഹനത്തിന്റെ ഇന്ധന ചെലവ്	180200	210000	250000
മറ്റ് വാഹനത്തിന്റെ ഇന്ധന ചെലവ്	9494	10000	12000
ഓഫീസ് ആവശ്യത്തിന് / ഘടക സ്ഥാപനങ്ങൾ വാഹനം വാടകയ്ക്ക് എടുത്തതിന്റെ ചിലവ്	94552	208983	210000
വാഹനങ്ങളുടെ റിപ്പയർ, മെയ്ന്റനൻസ് ചെലവുകൾ	118568	125000	150000
MGNREGS Advance നൽകിയത്	680293	1133696	1200000
പത്ര പരസ്യം		25000	26000
EMD release		22500	23000
ബാങ്ക് ചാർജ്ജ്	469	589	800
ആകെ ഭരണപരമായ ചെലവുകൾ	3762078	3641218	4077800
ജനറൽ പർപ്പസ് ഫണ്ടിൽ നിന്നുള്ള പദ്ധതി ചെലവുകൾ			
പദ്ധതി ചെലവുകൾ	1881458	2555718	2500000
ഗുണഭോക്തൃവിഹിതം			
സെക്യൂരിറ്റി/ഇ. എഫ്. ഡി			
ആകെ	1881458	2555718	2500000
ജനറൽ പർപ്പസ് ഫണ്ടിൽ നിന്നുള്ള ആകെ ചെലവുകൾ	7854167	8746665	9178468
വികസന ഫണ്ട്			
വികസന ഫണ്ട് (ജനറൽ)			
ഉത്പാദന മേഖല പദ്ധതികൾ	12908700	11580975	15000000
സേവന മേഖല പദ്ധതികൾ	10757250	17371462	25543200
പശ്ചാത്തല മേഖല പദ്ധതികൾ	11588323	9650813	10135800
	35254273	38603250	50679000
വികസന ഫണ്ട് (പട്ടികജാതി വിഭാഗം)			
ഉത്പാദന മേഖല പദ്ധതികൾ	9310731	12828150	2500000
സേവന മേഖല പദ്ധതികൾ	16082175	19242225	37409800
പശ്ചാത്തല മേഖല പദ്ധതികൾ	16928603	10690125	17104200
	42321509	42760500	57014000

വികസന ഫണ്ട് (പട്ടികവർഗ്ഗ വിഭാഗം)			
ഉത്പാദന മേഖല പദ്ധതികൾ		3215700	1500000
സേവന മേഖല പദ്ധതികൾ	12989000	4823550	8504400
പശ്ചാത്തല മേഖല പദ്ധതികൾ		2679750	4287600
ആകെ	12989000	10719000	14292000
ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied)	21713813	12240070	12588000
ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Un Tied)	14244426	4982879	8392000
ആകെ	35958239	17222949	20980000
സംസ്ഥാനാവിഷ്കൃത പദ്ധതി ഫണ്ടുകൾ			
മെയ്ന്റനൻസ് - റോഡിതര ആസ്തികൾ	6379955	7125589	8339000
ശുചിത്വമിഷൻ			
കേന്ദ്ര - സംസ്ഥാന പരിശീലന പരിപാടികൾ			
കേരളോത്സവം (യുവജന ക്ഷേമ ബോർഡില് നിന്നുള്ള വിഹിതം)		100000	100000
സാക്ഷരതമിഷൻ			
ഹോർട്ടികൾച്ചർ മിഷൻ(ഇടുക്കി പാക്കേജ്)			
ആകെ	6379955	7225589	8439000
കേന്ദ്രാവിഷ്കൃത പദ്ധതികൾ			
മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി	408623000	343558000	448870840
പി.എം.എ.വൈ (കേന്ദ്രവിഹിതം)	3504000	10560000	12336000
രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി			
നബാർഡ് - ആർ. ഐ. ഡി. എഫ്			
പി. എം. കെ. എസ്. വൈ			
ഹെൽത്ത് ഗ്രാന്റ്			3973000
ആകെ	412127000	354118000	465179840
മറ്റ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടുകൾ			
പി.എം.എ.വൈ ജില്ലാ പഞ്ചായത്ത് വിഹിതം	0	5642000	18270000
പി.എം.എ.വൈ ഗ്രാമ പഞ്ചായത്ത് വിഹിതം	0	4270000	11620000
ആകെ മറ്റ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടുകൾ	0	9912000	29890000
ആകെ ചെലവുകൾ	552884143	489307953	655652308
നീക്കിയിരിപ്പ്	51147768	69062942	12540815